ചെയ്യുക, അസോള, ചോളം തുടങ്ങിയവ കൃഷി ചെയ്യുന്നതിന് സബ്സിഡി നൽകുക, ട്രാൻസ്പോർട്ടേഷൻ കോസ്റ്റ്, ജലസേചനത്തിനുള്ള സഹായം നൽകുക തുടങ്ങിയവ ഈ പദ്ധതി വഴി നടപ്പിലാക്കി വരുന്നു. ക്ഷീരസഹകരണ സംഘങ്ങൾ വഴി വാങ്ങുന്ന കാലിത്തീറ്റയ്ക്ക് കാലിത്തീറ്റ സബ്സിഡി പദ്ധതി മുഖാന്തരം ധനസഹായം ക്ഷീരകർഷകർക്ക് നൽകി വരുന്നു.

കൂടാതെ, മിൽമയുടെ മേഖലാ യൂണിയനുകൾ അവരുടെ പ്രവർത്ത ലാഭത്തിൽ നിന്നും കാലിത്തീറ്റ സബ്സിഡിയും സംഭരിക്കുന്ന പാലിന് ഇൻസെന്റീവും നൽകിവരുന്നു. ഉൽപ്പാദനച്ചെലവും വിപണിയിലെ മാറ്റങ്ങൾക്കും അനുസൃതമായി ക്ഷീരകർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് മിൽമയുടെ ഭരണസമിതി പാൽവില സംബന്ധിച്ച യുക്തമായ തീരുമാനങ്ങൾ കാലാകാലങ്ങളിൽ കൈക്കൊണ്ടുവരുന്നുണ്ട്.

നാഷണൽ ഡയറി പ്ലാൻ

51 (3253) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ഹൈബി ഈഡൻ:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഡയറി പ്ലാൻ നടപ്പാക്കാൻ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ ഇന്ത്യയൊട്ടാകെ നടപ്പിലാക്കുന്ന നാഷണൽ ഡയറി പ്ലാനിൽ കേരളത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മിൽമയുടെ 3 മേഖലാ യൂണിയനുകളും റേഷൻ ബാലൻസിംഗ് പ്രോഗ്രാം എന്ന പദ്ധതിയിൻ കീഴിൽ കറവമാടുകൾക്ക് സന്തുലിത ആഹാരക്രമം നടപ്പിലാക്കുന്നു. ഓരോ മേഖലാ യൂണിയനും രണ്ട് വർഷം കൊണ്ട് 200 സൊസൈറ്റികളിലായി 16000-ത്തോളം പശുക്കളെ ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരികയാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയുടെ ലക്ഷ്യം. ഇതുവഴി കർഷകന് പാലിന്റെ ഉല്പാദനച്ചെലവ് കുറയ്ക്കുവാനും പാലുൽപ്പാദന വർദ്ധനവ് കൈവരിക്കുവാനും സാധിക്കുന്നു. ഈ പദ്ധതിയിൽ 31-3-2015 വരെ മലബാർ മേഖലയിൽ 15213-ഉം തിരുവനന്തപുരം മേഖലയിൽ 13652-ഉം എറണാകുളം മേഖലയിൽ 14072-ഉം കാലികൾ ഉൾപ്പെട്ടിട്ടുണ്ട്.

വില്ലേജ് ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റം എന്ന പദ്ധതി പ്രകാരം ക്ഷീരസംഘങ്ങളുടെ രൂപീകരണം, പ്രവർത്തനം നിലച്ച സംഘങ്ങളുടെ പുനരുജ്ജീവനം, ആധുനികവൽക്കരണം, സംഘങ്ങളെ ശാക്തീകരിക്കുക, കാര്യക്ഷമത കൈവരിക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. 2013-14 വർഷത്തിൽ തുടങ്ങി രണ്ടുവർഷം കൊണ്ട് 196 ക്ഷീരസംഘങ്ങൾ രൂപീകരിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി പ്രകാരം 31-03-2015 വരെ മലബാർ മേഖലയിൽ 36-ഉം, തിരുവനന്തപുരം മേഖലയിൽ 16-ഉം എറണാകുളം മേഖലയിൽ 19-ഉം സൊസൈറ്റികൾ പുതിയതായി രൂപീകരിച്ചിട്ടുണ്ട്.

(സി) മിൽമയുടെ മേഖലാ യൂണിയൻ തലത്തിൽ നാഷണൽ ഡയറി പ്ലാനിൽപ്പെട്ട പദ്ധതികളായ റേഷൻ ബാലൻസിംഗ് പ്രോഗ്രാമിന്റെയും വില്ലേജ്ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റത്തിന്റെയും നടത്തിപ്പിനായുള്ള നടപടികൾ 2013-14 വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

പശുക്കളെ വാങ്ങുന്നതിനും ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ

52 (3254) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശുവളർത്തലിൽ താല്പര്യമുള്ള ക്ഷീര കർഷകർക്ക് പശുക്കളെ വാങ്ങുന്നതിനും പശുക്കൾക്ക് ഷെഡ്ഡ് നിർമ്മിക്കുന്നതിനും ഈ സർക്കാർ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഇനത്തിൽ ചേർത്തല താലൂക്കിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭിച്ചുവെന്നതിന്റെ പദ്ധതി ഇനം, പഞ്ചായത്ത്, അനുവദിച്ച വർഷം, ഗുണഭോക്താവിന്റെ വിലാസം, എത്ര തുക ലഭിച്ചു എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ക്ഷീര വികസനത്തെ ലക്ഷ്യമാക്കിയുള്ള ഈ പദ്ധതികളിലൂടെ ചേർത്തല താലൂക്കിൽ ഈ കാലയളവിൽ ഉണ്ടായ പശുക്കളുടെയും പാലിന്റെയും വർദ്ധനവ് എത്രയാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly